**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 401** **14-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ രംഗത്തെ പ്രകടന മികവ് സൂചിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിക്കുന്ന പൊതുവിദ്യാഭ്യാസ രംഗത്തെ പ്രകടന മികവ് സൂചികയിൽ (പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സ്) 2017-18 മുതൽ നാളിതുവരെ സംസ്ഥാനത്തിന് നിരന്തരമായി മികവ് പുലർത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം സംസ്ഥാനങ്ങളുടെ മികവ് വിലയിരുത്തുന്നതിന് വേണ്ടി തയ്യാറാക്കുന്നതാണ് പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സ്, (PGI) 2017-18 മുതലാണ് ആരംഭിച്ചത്. അന്ന് മുതൽ നടത്തിയ എല്ലാ PGI യിലും കേരളം ഒന്നാം ഗ്രേഡ് നിലനിർത്തിവരുന്നു. ഓരോ വർഷവും കേരളം കരസ്ഥമാക്കിയ സ്കോർ ചുവടെ ചേർക്കുന്നു.<br><br>2017-18 – 826 (L4)<br><br>2018-19 – 862 (L3)<br><br>2019-20 – 901 (L2)<br><br>2020-21 – 928 (L2) |
| (ബി) | പ്രസ്തുത സൂചികയിലെ നിലവാര നിർണ്ണയത്തിനായി പരിഗണിക്കുന്ന എല്ലാ മേഖലകളിലും മികവ് പുലർത്താനായിട്ടുണ്ടോ; പ്രസ്തുത നേട്ടം അംഗീകരിക്കാൻ വൈമുഖ്യമുള്ള ചില കേന്ദ്രങ്ങൾ സംസ്ഥാനം രണ്ടാം നിരയിലാണെന്ന തെറ്റിദ്ധാരണാജനകമായ വാർത്ത സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **എല്ലാ മേഖലയിലും മികവ് പുലർത്താനായിട്ടുണ്ട്. മറിച്ചുള്ള റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ മേഖലയിലെയും സ്കോർ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.**<br><br>**1. പഠനനേട്ടങ്ങൾ (Learning Outcomes) -180 സ്കോർ**<br><br>**2. പ്രാപ്യത (Access) -80 സ്കോർ**<br><br>**3. ഭൗതിക സൗകര്യങ്ങൾ (Infrastructure and Facilities) -150 സ്കോർ**<br><br>**4. തുല്യത (Equity)- 230 സ്കോർ**<br><br>**5. ഭരണനിർവ്വഹണപ്രക്രിയ – 360 സ്കോർ**<br><br>**ആകെ സ്കോർ - 1000** |
| (സി) | പാർശ്വവൽക്കരണമില്ലാതെ എല്ലാവർക്കും മികച്ച | (സി) | **എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം** |

| | | |
|---|---|---|
| | വിദ്യാഭ്യാസമെന്ന സംസ്ഥാന ലക്ഷ്യം പൂർണ്ണതയിലെത്തുന്നുവെന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിദ്യാഭ്യാസ പ്രാപ്യത സൂചിക ഉപോത്ബലകമാകുന്നുണ്ടോ; ഈ ലക്ഷ്യപ്രാപ്തിക്കായി സംസ്ഥാനം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | **ഉറപ്പാക്കുകയെന്ന സംസ്ഥാനത്തിന്റെ ലക്ഷ്യം കൈവരിക്കുന്നതായിട്ടാണ് വിദ്യാഭ്യാസ പ്രാപ്യത എന്ന സൂചകത്തിന് കേരളത്തിന് ലഭിച്ച സ്കോർ സൂചിപ്പിക്കുന്നത്.**<br><br>**സ്കൂൾ പ്രാപ്യതയിൽ കേരളത്തിന് 80ൽ 79 സ്കോറാണ് അവസാനമായി ലഭിച്ചിട്ടുള്ളത്. ഇത് 2017-18 ൽ 78ഉം, 2018-19, 2019-20 വർഷങ്ങളിൽ 79ഉം ആയിരുന്നു. ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും ഉയർന്ന സ്കോറാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്. 2020-21ൽ സ്കൂൾ പ്രാപ്യതയുടെ സ്കോർ കർണാടകയിൽ 76ഉം, ഗുജറാത്തിൽ 71 ഉം അരുണാചൽ പ്രദേശിൽ 59 ഉം, രാജസ്ഥാനിൽ 70ഉം, മധ്യപ്രദേശിൽ 62ഉം, ജാർഖണ്ഡിൽ 64ഉം ആണ്.**<br><br>**ഈ ലക്ഷ്യ പ്രാപ്തിയ്ക്കായി സംസ്ഥാനം താഴെപറയുന്ന പ്രവർത്തനം നടത്തിയിട്ടുണ്ട്.**<br><br>1. ക്വാളിറ്റി - എൽ.ഇ.പി (പഠനപോഷണ പരിപാടികൾ)<br><br>മലയാളത്തിളക്കം, ഹലോഇംഗ്ലീഷ്, ഹലോവേൾഡ്, സുരിലീ ഹിന്ദി, സംസ്കൃതമാധുരി, അഹ്ലൻ അറബിക്, പ്യാരി ഉറുദു, ഗണിതവിജയം, വായനാക്കാർഡുകൾ, ഭൂമിശാസ്ത്രലാബുകൾ, സ്കൂൾ വെതർസ്റ്റേഷൻ, ശലഭപാർക്ക്, ശാസ്ത്രപാർക്ക്, ഗണിതോത്സവം, ശാസ്ത്രകൗതുകം<br><br>2.ക്വാളിറ്റി- രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ<br><br>ശാസ്ത്രപഥം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മെന്ററിംഗ്, ഗണിതകിറ്റ്, ശാസ്ത്രകിറ്റ്, ക്വിസ് പ്രോഗ്രാമുകൾ, ശാസ്ത്രപ്രോഗ്രാമുകൾ, ടിങ്കറിംഗ് ലാബ്, ശാസ്ത്ര-ഗണിതക്ലബ് പ്രവർത്തനങ്ങൾ, ഗണിതപാർക്ക്<br><br>3.ക്വാളിറ്റി - ഇന്നവേഷൻ<br><br>വർക്ക് എജ്യൂക്കേഷൻ, ഇന്നൊവേറ്റീവ് പ്രോഗ്രാംസ് ഫോർ കൊമേഴ്സ്, ജില്ലാ സ്പെസിഫിക് പ്രോഗ്രാമുകൾ, അക്സസ് ഫോക്കസ്ഡ് ഇന്നൊവേറ്റീവ് പ്രോഗ്രാം പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ, ടാലന്റ് ലാബ് പ്രവർത്തനങ്ങൾ<br><br>4.ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി |

| | | | |
|---|---|---|---|
| | | | വായനാച്ചങ്ങാത്തം, ഉല്ലാസഗണിതം, ഗണിതവിജയം, കുഞ്ഞുവായന<br><br>5.സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം<br><br>6. പ്രീ സ്കൂൾ പ്രവർത്തനങ്ങൾ<br><br>7.മെച്ചപ്പെട്ട രീതിയിലുള്ള അധ്യാപക പരിശീലനം, രക്ഷാകർതൃപരിശീലനം<br><br>8.വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ<br><br>9.ഇൻക്ലൂസീവ് എജ്യൂക്കേഷൻ<br><br>**10.കലാകായിക വർക്ക് എജ്യൂക്കേഷൻ, ജെൻ്റർ & ഇക്വിറ്റി പ്രോഗ്രാം.** |

സെക്ഷൻ ഓഫീസർ